പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 4883

14/11/2019-ൽ

മറുപടിയ്ക്ക്

## വള്ളിക്കുന്ന് മണ്ഡലത്തിലെ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിലെ കാലതാമസം

| ചോദ്യം<br>**ശ്രീ. അബ്ദുൽ ഹമീദ് പി.** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിലെ അരിയല്ലൂർ ജി.യു.പി.സ്കൂൾ, പറമ്പിൽപീടിക ജി.എൽ.പി. സ്കൂൾ എന്നീ സ്ഥാപനങ്ങൾക്ക് സ്കൂൾ വാഹനം വാങ്ങുന്നതിന് ഭരണാനുമതി ലഭിക്കുകയും തുടർനടപടികൾക്കായി വിദ്യാഭ്യാസവകുപ്പ് ജില്ലാ ഓഫീസിന് നല്കുകയും ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും പദ്ധതി വൈകാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) വള്ളിക്കുന്ന് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജി.യു.പി.എസ് അരിയല്ലൂരിനും പറമ്പിൽ പീടിക ഗവൺമെന്റ് എൽ.പി സ്കൂളിനും വാഹനം വാങ്ങി നൽകുന്നതിന് 29,54,000/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വാഹനം വാങ്ങി നൽകുന്നതിന് ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതി പ്രകാരമുള്ള തുക മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ലഭ്യമാക്കുന്നതിന് ലഭിച്ച ശുപാർശ M2/388/19/GEdn നമ്പർ ഫയലിൽ കൈകാര്യം ചെയ്തു വരുന്നു. |
| (ബി) ജില്ലാ ഓഫീസിൽ പ്രസ്തുത ഫയൽ ഏതു സെക്ഷനുകളിലെല്ലാം എത്ര കാലതാമസം വന്നു എന്ന് വ്യക്തമാക്കാമോ; | (ബി) വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിലെ സി6 സെക്ഷനിലാണ് ഫയൽ കൈകാര്യം ചെയ്യുന്നത്. ഭരണാനുമതി ലഭിച്ച മുറയ്ക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| (സി) ഇത്തരത്തിൽ വിദ്യാഭ്യാസ വകുപ്പിലേക്ക് നിർവഹണത്തിനായി നൽകുന്ന പല പദ്ധതികളും നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതികൾ വൈകിപ്പിക്കുന്ന അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കി കാലതാമസം വരുത്താതെ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന:പൂർവ്വമായി കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |

Namitha P

**സെക്ഷൻ ഓഫീസർ**